ലഭ്യമാക്കുന്നതിന് വേണ്ടതായ പ്രേസ് ബ്രേക്ക്, ഷിയറിംഗ് മെഷീൻ, ടിഗ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടേയ്ക്ക് പരിശോധനാസൗകര്യത്തിന് വേണ്ടതായ ബ്രേണൽ ഹാർഡ് ടെസ്റ്റർ, പെയിന്റ് തിക്നെസ് മെഷറിംഗ് ഗേവ് എന്നിവ വിതരണം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു. എടപ്പാളിൽ ഫോസ്ഫേറ്റ് പ്ലാന്റ് നിർമ്മിക്കാനുള്ള നടപടികൾ നടന്നുവരുന്നു. ക്രമേണ കോഴിക്കോട്, ആലുവ, മാവേലിക്കര എന്നീ വർക്ക്ഷോപ്പുകളിലും ഇത്തരം നവീകരണ പ്രക്രിയകൾ ആരംഭിക്കുന്നതാണ്. വളരെ ശോചനീയാവസ്ഥയിലുള്ള പല വർക്ക്ഷോപ്പുകളിലും അറ്റകുറ്റപണികൾ നടന്നുവരുന്നു. കൂടാതെ വാഷിംഗ് റാമ്പ്, ഇൻസ്പെക്ഷൻ പിറ്റ് എന്നിവ ഇല്ലാത്ത ഡിപ്പോകളിൽ അവ പണിയുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. പന്തളം, അടൂർ എന്നിവിടങ്ങളിൽ പുതിയ ഗ്യാരേജ് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

(ബി) എ.സി. ബസ്സുകൾ ഒഴികെയുള്ള എല്ലാ ബസ്സുകളുടെയും (സൂപ്പർ ഡീലക്സ്, സൂപ്പർ എക്സ്പ്രസ്സ്, സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി, മലബാർ, വേണാട്, അനന്തപുരി ഫാസ്റ്റ്, തിരു-കൊച്ചി) ബോഡികൾ പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യുടെ വർക്ക്ഷോപ്പുകളിൽ നിർമ്മിച്ചുവരുന്നു.

(സി) ബസ് ബോഡി നിർമ്മാണം പുനരാരംഭിച്ചതിന് ശേഷം 22-12-2010 വരെ 2565 ബസുകൾ കോർപ്പറേഷന്റെ വിവിധ വർക്ക്ഷോപ്പുകളിലായി ബോഡി നിർമ്മിച്ച് നിരത്തിലിറക്കിയിട്ടുണ്ട്. കോർപ്പറേഷന്റെ വർക്ക് ഷോപ്പുകളിൽ ബോഡി പണിയുന്നതിന് സൂപ്പർ ഡീലക്സിന് 7,39,505 രൂപയും സൂപ്പർ ഫാസ്റ്റിന് 4,44,495 രൂപയും ഫാസ്റ്റ് പാസഞ്ചറിന് 4,36,489 രൂപയും ഓർഡിനറി ബസ്സിന് 4,34,903 രൂപയും ചെലവ് വരും. 2001-2005 കാലയളവിലെ പുറത്തെ വർക്ക്ഷോപ്പുകളിൽ ബോഡി നിർമ്മിച്ച ബസ്സുകൾക്ക് ശരാശരി 5,29,000 രൂപ ചെലവായിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ ബോഡി നിർമ്മിച്ച ബസ്സുകൾക്ക് ശരാശരി 4,25,106 രൂപയാണ് ചെലവ് വന്നിട്ടുള്ളത്. ഇപ്രകാരം കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ ബോഡി നിർമ്മിക്കുന്നത്മൂലം കോർപ്പറേഷന് ശരാശരി 1,03,893 രൂപ ലാഭം ഉണ്ടാകുന്നുണ്ട്.

ലോഫ്ളോർ ബസ് സർവ്വീസുകൾ

91 (2190) ശ്രീ. കെ. ബാബു :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഇപ്പോൾ ഏതൊക്കെ നഗരങ്ങളിലാണ് ലോ ഫ്ളോർബസ് സർവ്വീസുകൾ നടത്തുന്നത് ; എ.സി. നോൺ എ.സി വിഭാഗത്തിൽ ഓരോന്നിലും എത്ര ബസുകൾ വീതമാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത് എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നഗരാതിർത്തിക്ക് പുറത്ത് എവിടെയൊക്കെ, ഏതെല്ലാം സർവ്വീസുകളാണ് ഇപ്പോൾ നടത്തി വരുന്നത് ;

(സി) കൂടുതൽ സ്ഥലങ്ങളിൽ ഇത്തരത്തിൽ ലോ ഫ്ളോർ ബസ് സർവ്വീസുകൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ലോ ഫ്ളോർ ബസ് സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ഇതിനായി പ്രത്യേക കമ്പനിയോ മറ്റു സംവിധാനമോ ആരംഭിക്കണമെന്ന നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ : എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലാണ് ഇപ്പോൾ ലോഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്തികൊണ്ടിരിക്കുന്നത്.

തിരുവനന്തപുരം എ.സി.18, നോൺ എ.സി. 28, കൊച്ചി. എ.സി. 28, നോൺ എ.സി. 23.

(ബി) നഗരാതിർത്തിക്ക് പുറത്ത് ആറ്റിങ്ങൽ, വർക്കല, നെടുമങ്ങാട്, നെയ്യാറ്റിൻകര, കാട്ടാക്കട, കിളിമാനൂർ, വിഴിഞ്ഞം, മൂവാറ്റുപുഴ, കോതമംഗലം, പിറവം, നോർത്ത് പറവൂർ, കുത്താട്ടുകുളം തുടങ്ങിയ സ്ഥലങ്ങളിലേക്കാണ് ടി ബസ്സുകൾ സർവ്വീസ് നടത്തുന്നത്.

(സി) കേന്ദ്ര സർക്കാരിന്റെ ജനറം പദ്ധതിയിൽപ്പെടുത്തിയാണ് ലോഫ്ളോർ ബസ്സുകൾ കേരളത്തിന് അനുവദിച്ചിരിക്കുന്നത്. അതിൻപ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങൾക്ക് മാത്രമേ ഇപ്പോൾ പ്രസ്തുത ബസ്സുകൾ അനുവദിച്ചിട്ടുള്ളു. ആകയാൽ കൂടുതൽ സ്ഥലങ്ങളിലേക്ക് ഇത്തരം ലോഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്താൻ സാധിക്കുകയില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തുന്നതിന് നിർദ്ദേശങ്ങൾ

92 (2191) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തുന്നതിന് എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് ;

(ബി) ഈ സാമ്പത്തികവർഷാവസാനം കെ.എസ്.ആർ.ടി.സി. യുടെ സഞ്ചിത നഷ്ടം എത്ര കോടിയാകും എന്നാണ് കണക്കാക്കുന്നത് ;

(സി) ജീവനക്കാരുടെ പെൻഷൻ ബാദ്ധ്യത ഒഴിവാക്കാൻ എന്തൊക്കെ പ്രായോഗിക നിർദ്ദേശങ്ങളാണ് കെഎസ്ആർടിസി സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly